പി3/11673/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി: 05-11-2018

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - സർക്കാർ കോളേജ് ലൈബ്രറികളിൽ ലൈബ്രറി ഇന്റേൺസിനെ താത്കാലികമായി നിയമിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം - സംബന്ധിച്ച്.

സൂചന:- 30-10-21018- ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ.

2018-19 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ 2202-03-103-76 എന്ന ശീർഷകത്തിൽ അനുവദിച്ച 275 ലക്ഷം രൂപ വിനിയോഗിച്ചാണ് Upgradation of Government College Libraries as Integrated Learning Resource Centres എന്ന പദ്ധതി നടപ്പിലാക്കുന്നത്. ആയതിന്റെ ഭാഗമായി സർക്കാർ കോളേജ് ലൈബ്രറികളുടെ നിലവാരം ഉയർത്തുന്നതിന് ലൈബ്രറി ഇന്റേൺസിനെ താത്കാലികമായി നിയമിക്കുമ്പോൾ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

1. കോളേജ് തലത്തിൽ പ്രിൻസിപ്പാൾ ചെയർമാൻ ആയി ലൈബ്രറി അഡ്വൈസറി കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. (പി.റ്റി.എ സെക്രട്ടറി, ലൈബ്രേറിയൻ/ലൈബ്രറിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ, 2 അദ്ധ്യാപകർ, non- teaching head എന്നിവർ അംഗങ്ങളായിരിക്കണം.)
2. ലൈബ്രറി ഇന്റേൺസിനെ നിയമിക്കുന്നതിന് കോളേജ് പ്രിൻസിപ്പാൾ്ഷ സബ്ജക്ട് എക്സ്പെർട്ട് , കോളേജ് ലൈബ്രേറിയൻ എന്നിവർ ഉൾപ്പെടുന്ന അഭിമുഖ പാനൽ തയ്യാറാക്കേണ്ടതാണ്. സബ്ജക്ട് എക്സ്പെർട്ട് ആയി യൂണിവേഴ്സിറ്റി/ഇതര സർക്കാർ കോളേജുകളിലെ യു.ജി.സി ലൈബ്രേറിയനെ മാത്രമേ നിയമിക്കാവൂ.
3. എല്ലാ സർക്കാർ കോളേജുകളിലും 02 ലൈബ്രറി ഇന്റേൺസിനെ നിയമിക്കേണ്ടതാണ്.
4. റഗുലർ പഠനത്തിലൂടെ B.Lis ബിരുദം നേടിയ ഉദ്യോഗാർത്ഥികളെ മാത്രമേ ഇന്റേൺസ് ആയി നിയമിക്കുവാൻ പാടുള്ളൂ. M.Lis/ രണ്ട് വർഷ പ്രവൃത്തി പരിചയം എന്നിവ അഭിലഷണീയ യോഗ്യതയായി ഉൾപ്പെടുത്തേണ്ടതാണ്.
5. തിരഞ്ഞെടുക്കപ്പെടുന്ന ലൈബ്രറി ഇന്റേൺസിനെ 8 A.M – 01 P.M, 01 PM – 06 PM എന്നീ സമയക്രമത്തിൽ ഷിഫ്റ്റ് ആയി നിയമിക്കേണ്ടതാണ്.

99995124

GOVERNMENT OF KERALA 2017-18

6. താത്കാലിക സേവനത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ 2019 മാർച്ച് 31 വരെ ആയിരിക്കും ഇന്റേണ്‍സിന്റെ സേവന കാലാവധി. 200 രൂപയുടെ മുദ്രപത്രത്തിൽ വ്യവസ്ഥാപിത കരാർ സമർപ്പിച്ചതിനു ശേഷം മാത്രമേ ഇന്റേൺസിനെ സേവനത്തിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ.

7. 2202-03-103-76 പ്ലാൻ എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നും ഒരു ലൈബ്രറി ഇന്റേണിന് പ്രതിമാസം 12000/- രൂപ (പന്ത്രണ്ടായിരം രൂപ മാത്രം) ഏകീകൃത വേതനം ആയി അനുവദിക്കുന്നതാണ്.

ഒപ്പ്/-
ഡോ.ഡി.കെ.സതീഷ്
കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(ഇൻ ചാർജ്)

// അംഗീകാരത്തോടെ//

സൂപ്രണ്ട്

വി.എസ്. 05.11.2018

999512